(ഡി) ഉൽഘാടനച്ചടങ്ങുകൾക്കൊന്നും മുടക്കം വന്നിട്ടില്ല.

(ഇ) നെയ്യാറ്റിൻകര പോലീസ് ഇതു സംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശരിയായ അന്വേഷണത്തിനു ശേഷം കേസ് ചാർജ്ജ് ഷീറ്റ് ചെയ്തു കഴിഞ്ഞു. കേസ് നെയ്യാറ്റിൻകര ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ വിസ്താരത്തിലിരിക്കയാണ്.

(എഫ്) ഇക്കാര്യം ആലോചിക്കുന്നതാണ്.

നിയമനങ്ങൾ.

* 1344. [26] ശ്രീ. കെ. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക്ക് സർവ്വീസ് കമ്മിഷൻ അപേക്ഷകരെ ക്ഷണിക്കുകയും യോഗ്യതയുള്ളവരിൽനിന്നും അപേക്ഷകരെ സ്വീകരിക്കുകയും ചെയ്തതിനു ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി അതേ ഒഴിവുകളിൽത്തന്നെ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ രണ്ടുമെന്റ് ഇതുപോലെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട് ;

(സി) അതുപോലെയുള്ള നിയമനങ്ങൾ നടത്തുവാനുള്ള കാരണമെന്ത് ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്) :

പല ഡിപ്പാർട്ടുമെന്റുകളിൽനിന്നും വിവരം കിട്ടാനുള്ളതിനാൽ മറുപടി പറയാൻ കാലതാമസം ഉണ്ട്. വിവരങ്ങൾ ശേഖരിച്ചുവരികയാണ്.

ശ്രീ. കെ. സി. ഏബ്രഹാം : പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അപേക്ഷകരെ സ്വീകരിച്ചശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന നിയമനം നടത്തുകയാണെങ്കിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ എന്തു കാര്യത്തിനു സംഘടിപ്പിച്ചോ അതു ഉദ്ദേശത്തെത്തന്നെ പരാജയപ്പെടുത്തുകയില്ലേ ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് : അപേക്ഷകരെ സ്വീകരിച്ചു കഴിയുന്നതോടുകൂടി കമ്മീഷന്റെ അധികാരം ഉണ്ടായിക്കഴിയുന്നില്ല. അപേക്ഷകരെ പരിശോധിച്ച് ഇന്റർവ്യൂ നടത്തുന്നതിനു കാലതാമസം വരും. അതിനിടയ്ക്ക് ടെമ്പററിയായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമിക്കേണ്ടിവരും. പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ അധികാരം കിട്ടിയശേഷം അങ്ങനെ ചെയ്താൽ തെറ്റാണെന്നു പറയാം.

ശ്രീ. കെ. ആർ. നാരായണൻ : കമ്മീഷന്റെ അധികാരം കിട്ടിയ ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിക്കോ അല്ലാതെയോ നിയമനം നടത്തിയിട്ടുണ്ടോ ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് : ഇല്ല.

ശ്രീ. കെ. ആർ. നാരായണൻ : ഫീൽഡ് ആഫീസറന്മാരുടെ നിയമനം എല്ലാം പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ അധികാരപ്രകാരമാണോ നടത്തിയിട്ടുള്ളത് ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് : ഒരു പ്രത്യേക ചോദ്യം ചോദിച്ചാൽ പറയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. എബ്രഹാം : എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമിച്ചു ആളുകൾക്ക പിരിഞ്ഞയും ഉദ്യോഗകാലാവധി നീട്ടിക്കൊടുക്കുന്നതായി ഗവണ്മെന്റിനു് അറിയാമോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : ഇല്ല. രൂൾ അനുസരിച്ചു് മൂന്നു മാസത്തിൽ കൂടുതൽ നീട്ടിക്കൊടുക്കണമെങ്കിൽ അതിനു് പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ കൺകറൻസ് വേണം.

ശ്രീ. സി. എ. മാത്യു : ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിലുള്ള ഉദ്യോഗങ്ങൾക്ക പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ലിസ്റ്റ് സമർപ്പിച്ചശേഷവും പടമ്പറിയായുള്ളവർ തുടരണമെന്നു കാണിച്ചു് ഗവണ്മെന്റ് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : ഇലക്ട്രിസിറ്റി ബോർഡിലെ നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മീഷനല്ല നടത്തുന്നതു്. അതിനു് ഒരു റിക്രൂട്ട്മെന്റ് കമ്മിറ്റിയുണ്ടു്.

ശ്രീ. സി. എ. മാത്യു : ബോർഡാകുന്നതിനു മുമ്പു് പടമ്പറിയായി ജോലി നോക്കിക്കൊണ്ടിരുന്ന ആളുകൾ ബോർഡിന്റെ പ്രത്യേക നിയമന വ്യവസ്ഥകൾ അനുസരിച്ചു് ആളുകളെ തിരഞ്ഞെടുത്തശേഷവും തുടരണമെന്നു ഗവണ്മെന്റ് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : വല്ല പ്രത്യേക കാരണത്താലോ സാഹചര്യത്താലോ അങ്ങനെ പറഞ്ഞിട്ടുണ്ടായിരിക്കാം. മലബാറിലുള്ള ചില ഉദ്യോഗസ്ഥന്മാരെ മദ്രാസ് ഗവണ്മെന്റിന്റെ സമ്മതപ്രകാരം പിരിച്ചു വിട്ട എന്നുള്ള ആവലാതിയെ തുടർന്നു വല്ല നിർദ്ദേശങ്ങളും മൊത്തത്തിൽ നൽകിയിട്ടുണ്ടായിരിക്കാം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഹോമിയോ ഡാക്ടറന്മാരുടെ നിയമനത്തിനു് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അപേക്ഷകരെ ക്ഷണിച്ചിട്ടു് രണ്ടു മാസത്തോളമായി. ഈ കാലത്തിനിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന നിയമനം നടത്തുകയും അങ്ങനെ നിയമിച്ചിട്ടുള്ളവർ ഇപ്പോഴും തുടർന്നു വരികയും പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അപേക്ഷ സ്വീകരിച്ചിട്ടുള്ളവർക്ക് ഉദ്യോഗം കിട്ടാതിരിക്കയും ചെയ്യുന്നു. മേലാലെങ്കിലും ഉദ്യോഗങ്ങൾക്ക് ആളുവശ്യമില്ലെങ്കിൽ അപേക്ഷകരെ ക്ഷണിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : അങ്ങനെ വല്ല കുഴപ്പങ്ങളുമുണ്ടെങ്കിൽ അതു കൂടാതെ കഴിക്കാം. ആവശ്യമില്ലാതാണു് അപേക്ഷകരെ ക്ഷണിക്കുന്നതെന്നു് പറയാൻ കഴിയുകയില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ആരൊക്കെയാണു് അപേക്ഷകരെ പബ്ലിക്ക് സർവ്വീസ് കമ്മീഷനു് തെരഞ്ഞെടുത്തിട്ടുള്ളതെന്നും ആരെയെല്ലാമാണു് നിയമിച്ചിട്ടുള്ളതെന്നും വ്യക്തമായി ഞാൻ പറഞ്ഞാൽ അതിനെപ്പറ്റി അന്വേഷിക്കുമോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : അന്വേഷിക്കാം.

ശ്രീ എം. നാരായണക്കുറുപ്പ് : പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ അഡ്രസ്സ് കിട്ടാതിരിക്കുന്നതിനുള്ള കാരണം മുൻകൂട്ടി ഗവണ്മെന്റ് കമ്മീഷനോടു് ആവശ്യപ്പെടാത്തതുകൊണ്ടാണോ അതോ കമ്മീഷൻ ആവശ്യപ്പെടാത്തതുകൊണ്ടാണോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : ചിലതിലും പല കാരണങ്ങളുമായിരിക്കാം. ചിലപ്പോൾ ഡിപ്പാർട്ടുമെന്റിൽനിന്നും അയയ്ക്കാനുള്ള താമസം വരാം. ചിലപ്പോൾ കമ്മീഷന്റെ ആഫീസിലും കാലതാമസം വരാം.

LIBRARY ARCHIVES Kerala Legislative Assembly